(സി) ഈ കാര്യം ആലോചിക്കാം.

(ഡി) ഉണ്ട്;

(ഇ) അതിനെപ്പറ്റി ആലോചിക്കാം.

വാട്ടർ ടാൻസ്പോർട്ട് ദേശവൽക്കരണം.

* 240. [56] ശ്രീ. കെ. സി. എബ്രഹാം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വാട്ടർ ടാൻസ്പോർട്ട് ദേശവൽക്കരിക്കുന്നതിന് ആലോചനയുണ്ടോ;

(ബി) ഏതെല്ലാം റൂട്ടുകളാണ് ദേശവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) എറണാകുളം–കോട്ടപ്പുറം ലൈൻ ഇതിൽ ഉൾപ്പെട്ടുമോ;

(ഡി) എറണാകുളം–കോട്ടപ്പുറം റൂട്ടിലുള്ള പറവൂർ വിളക്കുമാടം ജട്ടിയും, കോവിലകത്തുകടവു ജട്ടിയും വെള്ളത്തിനടിയിൽ കിടക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അവയുടെ കേടുപാടുകൾ മാറ്റുന്നതിന് ആവശ്യമായ നടപടികൾ ഉടനെ എടുക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) നടപടി എടുക്കുന്നുണ്ട്.

പ്രൈവറ്റ് ബസ്സ് സർവ്വീസ് യൂണിയൻ.

* 241. [58] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൈവറ്റ് റൂട്ടുകളിൽ സർവ്വീസുനടത്തുന്ന ബസ്സുടമകളെ ചേർത്ത് കമ്പൽസറി യൂണിയനുകൾ ഉണ്ടാക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ; ഇങ്ങനെയുള്ള യൂണിയൻസിസ്റ്റം ഇല്ലാത്തതുമൂലം കഴപ്പുമുണ്ടെന്നു് ഗവണ്മെൻറിനറിയാമോ ; കമ്പൽസറി യൂണിയനുകൾ ഉണ്ടാക്കി അവയ്ക്ക് ഏതെങ്കിലും റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിന് അനുവാദം കൊടുക്കുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

അനാശാസ്യമായ മത്സരം ഇല്ലാതിരിക്കുവാനും, കാര്യക്ഷമമായി സർവ്വീസു നടത്തുന്നതിനുമായി പ്രൈവറ്റ് ബസ്സുടമകളുടെ യൂണിയൻ സിസ്റ്റം പ്രോത്സാഹിപ്പിക്കുവാൻ വേണ്ട നിർദ്ദേശം ഗവണ്മെൻറ് ട്രാൻസ്പോർട്ട് അതോറിട്ടിക്കു കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly